(സി) ഉണ്ട്.

(ഡി) കാസർഗോഡ് ഡിപ്പോയുടെ വികസനത്തിനായി സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. ബി.ഒ.റ്റി. സ്കീം മുഖാന്തിരം ഒരു വ്യാപാരസമുച്ചയം നിർമ്മിക്കാനുള്ള പ്രാരംഭ ചർച്ചകൾ തുടങ്ങിക്കഴിഞ്ഞു. രണ്ട് ലക്ഷം രൂപ എം.എൽ.എ. ഫണ്ടിൽ നിന്നും ചെലവാക്കി ബസ് സ്റ്റേഷൻ യാർഡ് മെറ്റൽ ചെയ്യാനുള്ള നടപടികളും എടുത്തിട്ടുണ്ട്.

കെ. എസ്.ആർ.ടി.സി.-യെ പുരോഗതിയിലേക്ക് നയിക്കുന്നതിന് നടപടി

73 (4233) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ വാഹന ഉപയോഗം, വാഹന പ്രവർത്തനക്ഷമത, ജീവനക്കാരുടെ പ്രവർത്തനക്ഷമത, ഇന്ധനക്ഷമത എന്നീ കാര്യങ്ങളിൽ ദേശീയ ശരാശരിയേക്കാൾ കൂടുതലാണോ കുറവാണോ എന്ന് വെളിപ്പെടുത്തുമോ ;

(സി) കുറവാണെങ്കിൽ ഇത് പരിഹരിച്ച് കെ.എസ്.ആർ.ടി.സി: യെ കൂടുതൽ പുരോഗതിയിലേക്ക് നയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ദേശീയ ശരാശരി കെ.എസ്.ആർ.ടി.സി. യിൽ ലഭ്യമല്ല.

(ബി) കെ.എസ്.ആർ.ടി.സി. യിൽ വാഹന ഉപയോഗം 79 ശതമാനവും വാഹന പ്രവർത്തനക്ഷമത- 330.7 കെ.എം./ഡെ/ഏവഹിക്കിളും ഉപജീവനക്കാരുടെ പ്രവർത്തനക്ഷമത 44.2 കെ.എം./എംപ്ലോയിയും, ഇന്ധനക്ഷമത 3.8 (കെ.എം.പി.എൽ.) ഉം ആണ്.

(സി) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി. യെ ശക്തിപ്പെടുത്തുന്നതിന് അധിക നിക്ഷേപം

74 (4234) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജനങ്ങളുടെ യാത്രാവശ്യങ്ങൾ നിറവേറ്റാൻ പ്രാപ്തമാകുംവിധം കെ.എസ്.ആർ.ടി.സി. യെ ശക്തിപ്പെടുത്തുന്നതിന് സർക്കാർ തയ്യാറാകുമോ ;

(ബി) ഈ സ്ഥാപനത്തിന്റെ വളർച്ചയ്ക്കാവശ്യമായ മൂലധനം കണ്ടെത്താൻ സർക്കാർ എന്തെല്ലാം ശ്രമങ്ങളാണ് നടത്തുന്നതെന്ന് വെളിപ്പെടുത്തുമോ :

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ. ടി.സി. യുടെ മൂലധനം വർദ്ധിപ്പിക്കുകയുണ്ടായോ ;

LIBRARY ARCHIVES Kerala Legislative Assembly